## സി. മുഹമ്മദ്കുട്ടി മാസ്റ്റർ

**മുസ്‌ലിം** ലീഗിന്റെ സജീവ പ്രവർത്തകനായിരുന്ന മുഹമ്മദ്കുട്ടി മാസ്റ്റർ തന്റെ യൗവന നാളുകളിൽ തന്നെ ഇസ്‌ലാമിക പ്രസ്ഥാനവുമായി ബന്ധപ്പെട്ടിരുന്നു. തലമുറകളുടെ അധ്യാപകൻ എന്ന നിലയിലും സമൂഹത്തിൽ ഏറെ ആദരണീയനായിരുന്നു അദ്ദേഹം.



പൊന്മുണ്ടം ഗവൺമെന്റ് എൽ.പി സ്കൂളിൽനിന്ന് പ്രധാനാധ്യാപകനായി വിരമിച്ച മുഹമ്മദ്കുട്ടി മാസ്റ്റർ പൊന്മുണ്ടം ഘടകം നാസിമായിരുന്നു. മഹല്ല് വെൽഫയർ സൊസൈറ്റി എന്ന പൊതുവേദി രൂപവത്കരിക്കുന്നതിൽ മുഖ്യ പങ്ക് വഹിക്കുകയും അതിന്റെ സെക്രട്ടറി സ്ഥാനം ഏറ്റെടുക്കുകയുമുണ്ടായി.

**അബ്ദുൽജലീൽ പൊന്മുണ്ടം**

## അബ്ദുൽ ജലീൽ

**സുഊദി** അറേബ്യയിലെ അൽഹസ്സയിൽ കെ.ഐ.ജി ബിസ്മി യൂനിറ്റിലെ സജീവ പ്രവർത്തകനായിരുന്നു മലപ്പുറം മക്കരപറമ്പ് പോത്തുകുണ്ട് സ്വദേശിയായ അബ്ദുൽ ജലീൽ ചുള്ളിയിൽ.



യാഥാസ്ഥിതിക ചുറ്റുപാടിൽനിന്ന് 20 വർഷം മുമ്പ് സുഊദിയിൽ എത്തിയ അദ്ദേഹം 'സുഊദി കേരള ഇസ്‌ലാമിക് ഫോറം' എന്ന റിലീഫ് സംഘടനയിലൂടെയാണ് ഇസ്‌ലാമിക പ്രസ്ഥാനവുമായി ബന്ധപ്പെടുന്നത്. റിലീഫ് പ്രവർത്തനത്തിനുവേണ്ടി തുഛമായ ശമ്പളക്കാരനായ അദ്ദേഹം സൗജന്യമായി കിട്ടിയിരുന്ന താമസസൗകര്യം പോലും ഒഴിവാക്കുകയും, തന്നെപ്പോലെ കഷ്ടപ്പെടുന്നവരെക്കുറിച്ചുള്ള സഹായാഭ്യർഥനകളുടെ പേപ്പർ കട്ടിംഗ് സംഘടിപ്പിച്ച് സ്വന്തം കാശ് അയച്ചുകൊടുക്കുകയും ചെയ്യുമായിരുന്നു. മരണം വരെ ഇസ്‌ലാമിക പ്രസ്ഥാനവുമായുള്ള ബന്ധം അദ്ദേഹം നിലനിർത്തി. പണിതീരാത്ത ചെറിയ വീടും ഭാര്യയും 4 പെൺകുട്ടികളും ഒരു ആൺകുട്ടിയും അടങ്ങുന്ന കുടുംബത്തെ നമ്മെ ഏൽപിച്ചാണ് അദ്ദേഹം യാത്രയായത്. അദ്ദേഹത്തിന്റെ കുടുംബത്തിന് ആശ്വാസവും സമാധാനവും അല്ലാഹു പ്രദാനം ചെയ്യട്ടെ.

**കെ.ടി അബ്ദുൽഹമീദ് അൽഹസ്സ**

## നസറുല്ല സാർ

**കൊല്ലം** ജില്ലയിലെ കുളത്തൂപ്പുഴ ഏരിയയിലെ കൈതക്കാട് കാർകുൻ ഹൽഖ നാസിമായിരുന്നു നസറുല്ല സാർ. വിദ്യാഭ്യാസ വകുപ്പിൽ സീനിയർ സൂപ്രണ്ടായി വിരമിച്ചയാളാണ് അദ്ദേഹം. 35 വർഷത്തിലേറെയായി അദ്ദേഹം ഇസ്‌ലാമിക പ്രസ്ഥാനവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചു വരികയായിരുന്നു.



ഏരിയാ ആസ്ഥാനമായ ടൗൺ മസ്ജിദ് ആന്റ് ഇസ്‌ലാമിക് സെന്ററിന്റെ പ്രസിഡന്റായും സെക്രട്ടറിയായും അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്.

സ്ഥാപനത്തിന്റെ ചുമതലയിൽനിന്ന് ഒഴിവായതിന് ശേഷവും ഓഡിറ്റിംഗും മറ്റും അദ്ദേഹം തന്നെയാണ് നടത്തിയിരുന്നത്. മികച്ച സംഘാടകനായ അദ്ദേഹം നിശ്ശബ്ദ സേവകനായിരുന്നു.

**എം.എം ഇൽയാസ് കുളത്തൂപ്പുഴ**

## അബ്ദുർറഹ്മാൻ സാഹിബ്

**പെരുമ്പിലാവ്** പാടൂർ കുഞ്ഞിബാപ്പു മുസ്‌ലിയാരുടെ മകനായ കാട്ടേപറമ്പിൽ അബ്ദുർറഹ്മാൻ സാഹിബ് വർഷങ്ങളായി പെരുമ്പിലാവിൽ സ്ഥിരതാമസക്കാരനായിരുന്നു. മക്കളുടെ ഇസ്‌ലാമിക വിദ്യാഭ്യാസത്തെ മുന്നിൽ കണ്ടാണ് അദ്ദേഹവും കുടുംബവും ഈ പ്രദേശത്തെത്തിയത്. 40 വർഷത്തോളം പ്രവാസ ജീവിതം നയിച്ച അദ്ദേഹം ജൂലൈ 28-ാം തീയതിയാണ് മസ്കത്തിൽവെച്ച് ഹൃദയ സ്തംഭനം മൂലം അല്ലാഹുവിലേക്ക് യാത്രയായത്. എ.വി ഷാഹുൽ ഹമീദ്, എ.വി മജീദ്, വി.കെ ഉസ്മാൻ എന്നിവരുടെ വിയോഗം പ്രസ്ഥാനപ്രവർത്തകരിൽനിന്ന് വിട്ടുമാറാത്ത വേദനയായി നിൽക്കുമ്പോഴാണ് ഈ വേർപാട്. പെരുമ്പിലാവിൽ ഇസ്‌ലാമിക പ്രസ്ഥാനത്തിന് സ്വന്തമായി സെന്ററും പള്ളിയുമൊന്നും ഇല്ലാത്ത കാലംമുതലേ അദ്ദേഹത്തിന്റെ വീടിന്റെ വാതിൽ ഇസ്‌ലാമിക പ്രവർത്തകർക്കുവേണ്ടി തുറന്നിട്ടതായിരുന്നു. പ്രത്യേകിച്ചും വനിതാ പ്രവർത്തകരുടെ ഒരു കേന്ദ്രമായിരുന്നു ഈ വീട്. പ്രസ്ഥാനത്തിന്റെ ജീവകാരുണ്യ പ്രവർത്തനത്തിന് വമ്പിച്ച സാമ്പത്തിക സഹായം എന്നും അദ്ദേഹത്തിൽ നിന്നുണ്ടായിട്ടുണ്ട്. സ്വന്തം കുടുംബത്തിന്റെയും നിരവധി നിരാലംബരായ കുടുംബങ്ങളുടെയും അത്താണിയാണ് അദ്ദേഹത്തിന്റെ വിയോഗത്തിലൂടെ നഷ്ടമായത്.

**സഫിയ ശംസുദ്ദീൻ പെരുമ്പിലാവ്**

## വി.പി മായിൻകുട്ടി ഹാജി

**എടവണ്ണ** ഐന്തൂർ പ്രദേശങ്ങളിൽ ഇസ്‌ലാമിക പ്രസ്ഥാനത്തെ നട്ടുവളർത്തുന്നതിൽ അനൽപമായ പങ്കുവഹിച്ച വ്യക്തിയായിരുന്നു വലിയ പീടികക്കൽ മായിൻകുട്ടി ഹാജി(91). കോഴിക്കോട് ഹജൂർ കച്ചേരി, വഖ്ഫ് ബോർഡ് എന്നിവിടങ്ങളിൽ ജോലി ചെയ്ത് ജില്ലാ ട്രഷറി സൂപ്രണ്ടായാണ് അദ്ദേഹം ഔദ്യോഗിക ജീവിതത്തിൽനിന്ന് വിരമിച്ചത്.



1978ലാണ് ജമാഅത്ത് അംഗത്വമെടുത്തത്. ഐന്തൂർ മഹല്ല് വൈസ് പ്രസിഡന്റായിരിക്കെ ഇസ്സുദ്ദീൻ മൗലവി, കെ.എൻ അബ്ദുല്ല മൗലവി തുടങ്ങിയവരെ കൊണ്ടുവന്ന് ഇടക്കിടെ പരിപാടികൾ നടത്തുമായിരുന്നു.

ചെമ്പക്കുത്ത് സർക്കാർ ആശുപത്രിയിലെ രോഗികൾക്ക് കഞ്ഞിയും ചമ്മന്തിയും നൽകുന്നതിലദ്ദേഹം പ്രത്യേക താൽപര്യം കാണിച്ചിരുന്നു. ഐന്തൂരിലെ ഉൾപ്രദേശമായ കുരുമാരക്കോട് നമസ്കാരപള്ളിയും മദ്റസയും സ്ഥാപിക്കാനാവശ്യമായ സ്ഥലം ജമാഅത്ത് ട്രസ്റ്റിന് അദ്ദേഹം ദാനമായി നൽകി. 1998ൽ അന്തരിച്ച ഭാര്യ കളപ്പാടൻ കുഞ്ഞാഇശക്കുട്ടി ദീർഘകാലം ഐന്തൂർ വനിതാ ഘടകത്തിന്റെ നാസിമത്തായിരുന്നു. മക്കൾ: അഹ്മദ്കുട്ടി, ഡോ. അശ്റഫ്, അബ്ദുൽ അസീസ്.

**കെ. മുഹമ്മദലി എടവണ്ണ**


## പി.എം അബ്ദുർറഹ്മാൻ

**പാലക്കാട്** മേപ്പറമ്പിലെ ടൈലർ അദ്രു എന്നറിയപ്പെടുന്ന പി.എം അബ്ദുർറഹ്മാൻ, പ്രദേശത്തെ ദീനീ സ്നേഹികൾക്ക് സുപരിചിതനായ വ്യക്തിയാണ്. വളരെ പ്രയാസപ്പെട്ട് ജീവിതം നയിച്ചിരുന്ന അദ്ദേഹം നാട്ടുകാരായ ദീനീ സ്നേഹികളുടെ സഹായത്താൽ ഉംറ നിർവഹിച്ച് നാട്ടിൽ തിരിച്ചെത്തി ഏതാനും ദിവസങ്ങൾക്കകമാണ് അല്ലാഹുവിങ്കലേക്ക് യാത്ര തിരിച്ചത്. ഒരിക്കലും പ്രതീക്ഷിക്കാത്ത മനസ്സിൽ എന്നെന്നും കാത്തു സൂക്ഷിച്ച മഹാഭാഗ്യം സഫലീകരിച്ചു എന്ന് മക്കയിൽ വെച്ച് അദ്ദേഹത്തെ കണ്ടപ്പോൾ പറയുകയുണ്ടായി.

**അബ്ദുസ്സലാം, മക്ക**

## എം.കെ ഹുസൈൻ

**കൊടുങ്ങല്ലൂർ** എടവിലങ്ങ് പ്രദേശങ്ങളിൽ ഇസ്‌ലാമിക പ്രസ്ഥാനത്തിന് ദീർഘകാലം നേതൃത്വം നൽകിയവരിലൊരാളാണ് എം.കെ ഹുസൈൻ സാഹിബ്(89). യുവാവായിരിക്കെയാണ് അദ്ദേഹം തന്റെ അഞ്ച് സുഹൃത്തുക്കളോടൊപ്പം ഇ.കെ ഇസ്സുദ്ദീൻ മൗലവിയുടെ ക്ലാസിൽ പങ്കെടുക്കുന്നതും പ്രസ്ഥാനികാവേശം നെഞ്ചിലേറ്റുന്നതും.



1955ൽ ഒരു കനലായി ഹൃദയത്തിലാവാഹിച്ച പ്രസ്ഥാനികാദർശം മടക്കയാത്രയുടെ അന്ത്യനിമിഷം വരെയും ഊർജമായി കാത്തുസൂക്ഷിച്ചു. ഏതാണ്ട് 30 വർഷക്കാലമാണ് അദ്ദേഹം ഹൽഖാ നാസിമായി സേവനമനുഷ്ഠിച്ചത്. കൊടുങ്ങല്ലൂർ പ്രദേശത്തെ പ്രാസ്ഥാനിക പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്ന എം.ഐ.ടി (മൂവ്മെന്റ് ഓഫ് ഇസ്‌ലാമിക് ട്രസ്റ്റ്), എടവിലങ്ങിലെ പ്രസ്ഥാന കേന്ദ്രമായ ഐഡിയൽ വെൽഫയർ സൊസൈറ്റി എന്നിവയുടെ സ്ഥാപകാംഗങ്ങളിൽ ഒരാളായിരുന്നു.

സുഊദി കെ.ഐ.ജി പ്രവർത്തകനായ മകനും 5 പെൺമക്കളും ഭാര്യയുമടങ്ങുന്നതാണ് കുടുംബം.

**കെ.എം ഷംസുദ്ദീൻ എടവിലങ്ങ്**

## എസ്.എം ബീരാൻകുട്ടി

**പാലക്കാട്** വെസ്റ്റ് പ്രാദേശിക ജമാഅത്തിലെ അംഗമായ എസ്.എം ബീരാൻകുട്ടി സാഹിബ്(85) പുതിയ തലമുറക്ക് ഒട്ടനവധി മാതൃകകൾ ബാക്കിവെച്ച് കൊണ്ടാണ് നാഥങ്കലേക്ക് യാത്രയായത്. പലവിധ രോഗങ്ങളാൽ പ്രയാസപ്പെട്ട് വീട്ടിൽ കഴിഞ്ഞ് കൂടിയ അദ്ദേഹത്തിന് ജമാഅത്ത് യോഗങ്ങളിൽ പങ്കെടുക്കണമെന്ന നിർബന്ധത്താൽ വർഷങ്ങളായി അദ്ദേഹത്തിന്റെ വീട്ടിൽ തന്നെയാണ് യോഗം നടത്തിയിരുന്നത്.

ദൽഹിയിലും പത്തിരിപ്പാലയിലും നടന്ന അംഗങ്ങളുടെ സമ്മേളനത്തിൽ പങ്കെടുക്കാൻ കഴിയാതിരുന്നതിൽ അദ്ദേഹത്തിന് വളരെ പ്രയാസമുണ്ടായിരുന്നു. അദ്ദേഹം അംഗമായ നൂറുൽ ഹുദാ ചാരിറ്റബ്ൾ ട്രസ്റ്റിന്റെ കീഴിലുള്ള 'നൂർമഹൽ' കല്യാണമണ്ഡപം രണ്ട് ദശകങ്ങളോളം സ്വന്തം വീട്ടിനേക്കാൾ ശ്രദ്ധയോടും താൽപര്യത്തോടും കൂടി പരിപാലിച്ചു പോന്നു.

ജമാഅത്തെ ഇസ്‌ലാമിയുടെ പഴയകാല ശൂറ അംഗമായിരുന്ന പരേതനായ എസ്.എം ഹനീഫ സാഹിബ് സഹോദരനാണ്. മുഴു സമയ ഇസ്‌ലാമിക പ്രവർത്തകയും പാലക്കാട് വനിതാ ജില്ലാ സമിതി അംഗവും മേപ്പറമ്പ് വനിതാ ഘടകത്തിന്റെ നാസിമത്തുമായ എസ്.ബി ഖദീജ അദ്ദേഹത്തിന്റെ മകളാണ്.

**അബ്ദുസ്സലാം മക്ക**

*അല്ലാഹു പരേതരെ മഗ്ഫിറത്തും മർഹമത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ - ആമീൻ.*